പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6877 — 13/07/2012-ൽ മറുപടിയ്ക്കു്

**ദേവസ്വം ഭൂമികൾ കൈവശം വയ്ക്കുന്നവരിൽ നിന്നും ഒഴിപ്പിച്ചെടുക്കാനുള്ള നടപടി.**

ചോദ്യം

ശ്രീ. കെ. അജിത്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിൽ ദേവസ്വം ബോർഡ് ഭൂമികൾ പാട്ടത്തിന് കൊടുത്തിരുന്നത് പാട്ടക്കാലാവധിക്കുശേഷം തിരിച്ചു കിട്ടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഏക്കർ ഭൂമി ഏതൊക്കെ ജില്ലകളിൽ എന്ന് വ്യക്തമാക്കുമോ; | (എ) മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്രങ്ങൾ ഓരോന്നും ഓരോ സ്വയംഭരണ യൂണിറ്റുകളായാണ് നിയമപ്രകാരം നിലനിന്നു വരുന്നത്. ക്ഷേത്രഭൂമി സംബന്ധിച്ച കാര്യങ്ങൾ അതാത് ക്ഷേത്രങ്ങളിൽ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ബോർഡ് നേരിട്ട് ഭൂമി പാട്ടത്തിന് നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നില്ല. മുൻകാലങ്ങളിൽ ക്ഷേത്രഭരണാധികാരികൾ ക്ഷേത്രഭൂമി പാട്ടത്തിന് നൽകിയത് കാലാവധിക്ക് ശേഷം തിരിച്ച് കിട്ടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ മലബാർ ദേവസ്വം ബോർഡിൽ പാലക്കാട് ഡിവിഷനിൽ 4805 ഏക്കറും, കോഴിക്കോട് ഡിവിഷനിൽ 5298 ഏക്കറും, തലശ്ശേരി ഡിവിഷനിൽ 104.89 ഏക്കറും ഭൂമികൾ തിരിച്ചു കിട്ടാനുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ പാട്ടഭൂമികൾ നൽകിയിട്ടില്ല. |
| (ബി) ദേവസ്വം ഭൂമികൾ തിരികെ ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എങ്കിൽ പാട്ടക്കാലാവധി കഴിഞ്ഞതിനുശേഷവും ദേവസ്വം ഭൂമികൾ കൈവശം വയ്ക്കുന്നവരിൽ നിന്നും അത് ഒഴിപ്പിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) മലബാർ ദേവസ്വം ബോർഡിനു കീഴിൽ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനായി നിലവിൽ മുൻസിഫ്, ഹൈക്കോടതി, സുപ്രീം കോടതി എന്നിവിടങ്ങളിലായി വ്യവഹാരങ്ങൾ നടന്നുവരുന്നുണ്ട്. ക്ഷേത്ര ഭൂമി കൈയ്യേറ്റം സംബന്ധിച്ച് മലബാർ ദേവസ്വം ബോർഡിനു കീഴിൽ സ്പെഷ്യൽ ടീമിനെ നിയോഗിച്ചതിൽ മൊത്തം 24693.24 ഏക്കർ ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിരുന്നു. പാട്ടഭൂമി ഉൾപ്പെടെയുള്ള റിപ്പോർട്ടാണ് സ്പെഷ്യൽ ടീം സമർപ്പിച്ചിരുന്നത്. പാട്ട സ്വത്ത് സംബന്ധിച്ച് റിപ്പോർട്ടിൽ വേർതിരിച്ച് കാണിച്ചിട്ടില്ല. |

മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്ര സ്വത്തുക്കൾക്ക് ലാൻറ് കൺസർവൻസി ആക്ട് ബാധകമാണ് എന്നതിനാൽ ഇതിൻെറ അടിസ്ഥാനത്തിൽ കയ്യേറ്റ ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിന് ദേവസ്വം ബോർഡിനു മാത്രമായി ഒരു ലാൻറ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ